LIBRARY ARCHIVES Kerala Legislative Assembly

മൾട്ടി പർപ്പസ് ഡാമുകൾ

221(5668) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ എത്ര മൾട്ടി പർപ്പസ് ഡാമുകൾ നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രളയ സാധ്യത ഒഴിവാക്കുന്നതിന് ഇത്തരം ഡാമുകൾ എത്രമാത്രം പ്രയോജനകരമാണെന്ന് വ്യക്തമാക്കുമോ?

കേരളത്തിൽ 18 മൾട്ടി പർപ്പസ് ഡാമുകൾ നിർമ്മിച്ചിട്ടുണ്ട്. Dynamic flood cushion ഏർപ്പെടുത്തിയും അലെർട്ട് ലെവലുകളനുസരിച്ച് ജലനിരപ്പ് സൂക്ഷിച്ചും അതിതീവ്രമഴയുടെ അവസരത്തിൽ ഡാമിന്റെ ഫ്ലഡ് സോൺ ഉപയോഗപ്പെടുത്തുന്നതിലൂടെയും പ്രളയസാധ്യത ഒഴിവാക്കുന്നതിന് വലിയൊരളവിൽ ഇത്തരം ഡാമുകൾ പ്രയോജനപ്രദമായിട്ടുണ്ട്.

നദി പുനരുജ്ജീവന പദ്ധതി

222(5669) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നദി പുനരുജ്ജീവന പദ്ധതിപ്രകാരം ഏതൊക്കെ നദികളിലാണ് പ്രവൃത്തികൾ നടന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കേരളത്തിലെ ജലലഭ്യത പ്രധാനമായും മഴയെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. മഴക്കാലത്ത് ലഭ്യമാകുന്ന ജലം പ്രാദേശികാവശ്യങ്ങൾക്ക് എത്തിക്കുന്നതിലും വെള്ളക്കെട്ട്/ പ്രളയം ഒഴിവാക്കുന്നതിലും ഗ്രാമീണ/നഗര കുടിവെള്ള പദ്ധതികൾക്ക് ജലം ലഭ്യമാക്കുന്നതിലും നദികൾ പ്രധാന പങ്കുവഹിക്കുന്നു. കൂടാതെ പാരിസ്ഥിതിക സംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം, കാർഷിക വ്യവസ്ഥ എന്നിവ നിലനിർത്തുന്നതിലും സ്ഥായിയാക്കുന്നതിലും പുഴകളുടെ പങ്ക് വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ഇതുകണക്കിലെടുത്ത് പുഴ പുനരുജ്ജീവന പ്രവർത്തനങ്ങൾ ജനകീയമായി നിർവ്വഹിക്കുന്നതിന്റെ ഭാഗമായി വരട്ടാർനദി പുനരുജ്ജീവനം, കുട്ടമ്പേത്തുർ പുഴ, കാനാമ്പുഴ, കോലറയാർ, മുട്ടംപറപ്പത്തോട്, കടമ്പ്രയാർ, പെരുംതോട്, പുന്നർപ്പുഴ, കൊട്ടാരക്കര പാണ്ടിവയൽ തോട്, കിള്ളിയാർ എന്നിവ ശുദ്ധീകരിച്ച് നീരൊഴുക്ക് സാദ്ധ്യമാകുന്ന പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ട്. ഹരിത കേരളം മിഷന്റെ ഉപമിഷനായ " ജലസമൃദ്ധി"-യുടെ ഭാഗമായി തയ്യാറാക്കിയ നീർത്തട മാസ്റ്റർപ്ലാനുകളിലെ നിർദ്ദേശങ്ങൾകൂടി പരിഗണിച്ചുള്ള പ്രവർത്തനമാണ് മേൽപ്പറഞ്ഞ പുഴകളിൽ നിർവ്വഹിക്കപ്പെട്ടത്. കൂടാതെ മീനച്ചിൽ-മീനന്തറയാർ-കൊട്ടറാർ പുന:സംയോജന പ്രവൃത്തി ജനപങ്കാളിത്തത്തോടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയും ജലസേചനവകുപ്പിന്റെ സങ്കേതിക-സാമ്പത്തിക സഹായത്തോടെയും പുനരുജ്ജീവനം നിർവ്വഹിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.